LIBRARY ARCHIVES Kerala Legislative Assembly

കായംകുളം ട്രാഫിക് പോലീസ് സ്റ്റേഷന് ഭരണാനുമതി

86 [810] ശ്രീ. എം. എം. ഹസ്സൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം ട്രാഫിക് പോലീസ് സ്റ്റേഷനും സി. ഐ. ഓഫീസും നിർമ്മിക്കുന്നതിനുള്ള ടെക്നിക്കൽ സാങ്ഷനും, അഡ്മിനിസ്ട്രേറ്റീവ് സാങ്ഷനും നൽകിയോ;

(ബി) ഇവയുടെ പണി ആരംഭിച്ചുവോ;

(സി) എങ്കിൽ അതിന്റെ പണി ഏതു ഘട്ടത്തിലിരിക്കുന്നുവെന്നും എന്ന് പൂർത്തിയാക്കുമെന്നും പറയാമോ?

ഉത്തരം

(എ) കായംകുളം ട്രാഫിക് പോലീസ് സ്റ്റേഷനും സി. ഐ. ഓഫീസും നിർമ്മിക്കുന്നതിന് കേരളാ പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് അനുമതി നൽകിയിട്ടുണ്ട്.

(ബി & സി) കായംകുളം ട്രാഫിക് പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനുവേണ്ടി 3-2-2006-ൽ ടെൻഡർ ചെയ്തിട്ടുണ്ട്. കായംകുളം സി. ഐ. ഓഫീസിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്.

ബേപ്പൂർ തുറമുഖത്ത് നിർത്തിയിട്ട ബോട്ടിലുണ്ടായ സ്ഫോടനം

87 [811] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ തുറമുഖത്ത് നിർത്തിയിട്ട ബോട്ടിലുണ്ടായ സ്ഫോടനത്തെക്കുറിച്ചുള്ള അന്വേഷണം എപ്പോൾ പൂർത്തിയാക്കാൻ കഴിയും എന്നറിയാമോ;

(ബി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എത്രപേരെ എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ബേപ്പൂർ തുറമുഖത്ത് നടന്ന സ്ഫോടനവുമായി ബന്ധപ്പെട്ട് ബേപ്പൂർ പി. എസ്. ക്രൈം 96/05 പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതും തുടർന്ന് ക്രൈം നമ്പർ 395/സി.ആർ/05 ആയി റീ നമ്പർ ചെയ്ത് 19-9-2005 മുതൽ ക്രൈം ബ്രാഞ്ച് ഊർജ്ജിതമായി അന്വേഷിച്ചു വരുന്നതുമാകുന്നു. പ്രതികളെപ്പറ്റി വ്യക്തമായ സൂചന ഇതുവരേയും ലഭിച്ചിട്ടില്ലാത്തതിനാൽ അന്വേഷണം എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് പറയാൻ നിർവ്വാഹമില്ല.

(ബി) ആരെയും ഇതുവരെ അറസ്റ്റ് ചെയ്തിട്ടില്ല.